# വാമൊഴിപാരമ്പര്യം അക്കിത്തത്തിന്റെ കവിതകളിൽ

രമിളാദേവി പി.ആർ.
അസിസ്റ്റന്റ് പ്രൊഫസർ, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്

ഒരു കൂട്ടായ്മ പാരമ്പര്യമായി തലമുറകളിൽനിന്നും തലമുറകളിലേക്ക് പകർന്ന നല്കുന്ന വാമൊഴിവഴക്കങ്ങൾ ഫോക്‌ലോർമേഖലയിലെ ഒരു പ്രധാന ഉപാദാനസാമഗ്രിയാണ്. പ്രാചീനകാലത്തെ മനുഷ്യരുടെ അനുഭവങ്ങളും സങ്കല്പങ്ങളും എല്ലാം വാമൊഴി രൂപത്തിലാണ് പ്രതിഫലിച്ചിരുന്നത്. അക്കാലത്തെ സമൂഹത്തിന്റെ, സംസ്കാരത്തിന്റെ വ്യക്തമായ ചിത്രം അവ നമുക്ക് കാണിച്ചുതരുന്നു. അതുകൊണ്ടുതന്നെയാണ് കവികൾ ജനസമൂഹത്തിന്റെ തനിമ പ്രകടമായി ആവിഷ്കരിക്കാൻ അവയെ ആഖ്യാനരീതിയുടെ ഭാഗമാക്കിയതും. നാടൻപാട്ടുകൾ, നാടോടിക്കഥകൾ, പുരാവൃത്തങ്ങൾ, പഴഞ്ചൊല്ലുകൾ, ഐതിഹ്യങ്ങൾ, കടങ്കഥകൾ, ശൈലികൾ, സംസാരഭാഷ തുടങ്ങിയവ വാമൊഴി രൂപങ്ങളാണ്. അജ്ഞാതകർതൃകങ്ങളായ ഇവ താളാത്മകവും ലളിതവുമാണ്. സമൂഹത്തിന്റെ വൈകാരികമായ ഭാവംപോലും ഇവയിൽ പ്രതിഫലിച്ചുകാണാം.

പാരമ്പര്യധാരയിൽനിന്നും ഊർജ്ജം സ്വീകരിച്ച് അവ സമകാലികസമൂഹത്തിന്റെ ജീവിതസമസ്യകളുമായി കൂട്ടിയിണക്കി കാവ്യരചന നിർവ്വഹിക്കുന്ന അക്കിത്തം അച്ച്യുതൻ നമ്പൂതിരിയുടെ കവിത വാമൊഴിവഴക്കങ്ങളാൽ സമൃദ്ധമാണ്. സവർണകുലജാതനായ അദ്ദേഹം സാധാരണക്കാരെ കാണാതിരുന്നില്ല. സമൂഹത്തിന്റെ ആരോഗ്യകരമായ മാറ്റം സ്വപ്നംകണ്ടിരുന്ന കവി അധ്വാനിക്കുന്ന, ചൂഷിതരായ ജനവിഭാഗത്തിന്റെ തേങ്ങലുകളെ വാക്കുളാക്കിമാറ്റി അവതരിപ്പിച്ചു. താൻ ജനിച്ചു വളർന്ന നമ്പൂതിരികുടുംബാന്തരീക്ഷത്തിന്റെയും പാടത്തു പകലന്തിയോളം പണിയെടുക്കുന്ന പാവപ്പെട്ട കർഷകരുടേയും ജീവിതകഥ തനിമയോടെ അവതരിപ്പിക്കാൻ ഉപയോഗിച്ച വാമൊഴിരൂപങ്ങൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നതാണ്. പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും പലപ്പോഴായി അദ്ദേഹത്തിന്റെ കവിതകളിൽ കടന്നുവരുന്നു. അക്കാലത്തെ സാമൂഹിക സാംസ്കാരിക അവസ്ഥകളിലേക്ക് ഇവയൊക്കെ എങ്ങനെയാണ് നമ്മെ കൂട്ടിക്കൊണ്ടുപോവുന്നത് എന്നു നിരീക്ഷിക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധം. അക്കിത്തത്തിന്റെ കവിതകളിൽ ഈ വിഷയവുമായി ബന്ധമുള്ളവ മാത്രം തെരഞ്ഞെടുത്ത് പഠനവിധേയമാക്കുകയാണ്.

അക്കിത്തത്തിന്റെ കവിതകളിൽ വാമൊഴി രൂപങ്ങളുടെ നേരിട്ടുള്ള ആവിഷ്കരണത്തിനു പുറമെ അവയുടെ താളം, ഈണം, ലാളിത്യം, ശബ്ദങ്ങളുടെ ആവർത്തനം കൊണ്ടുണ്ടാകുന്ന ഭാവസൗന്ദര്യം എന്നിവ പ്രകടമായിത്തന്നെ കണ്ടെത്താനാവും. കവിതകളുടെ

തലക്കെട്ടിൽതന്നെ വാമൊഴിരൂപങ്ങൾ സ്ഥാനംപിടിച്ചിട്ടുണ്ട്. തൊള്ളേക്കണ്ണൻ, ഇളിച്ചിവായൻ, പടച്ചോൻ സഹായം, പൊക്കാച്ചികളോട്, കട്ടോടഞ്ചാത്തൻ, കാഷ്യനൊന്ന്, തൊയിരംമേണം, അങ്ങേപ്പാട്ടെ കാര്യസ്ഥൻ തുടങ്ങിയവ അവയിൽ ചിലതുമാത്രം. ഇവയിൽ സവർണ്ണ-അവർണ്ണ ജീവിതസാഹചര്യങ്ങൾ സവിശേഷമായി സൂചിപ്പിക്കുന്നുണ്ട്. 'അണ്ടിപോയ അണ്ണാൻ', 'ഉപ്പോളം വരുമോ ഉപ്പിലിട്ടത്'', 'ചായക്കോപ്പയിലെ കൊടുങ്കാറ്റ്''എന്നിങ്ങനെ മലയാളിക്ക് സുപരിചിതമായ ശൈലികൾ കവിതകളുടെ തലക്കെട്ടുകളാക്കാൻ കഴിഞ്ഞതോടെ വായനക്കാരനെ കവിതയിലേക്കടുപ്പിക്കുകയാണ് കവി ചെയ്തത്. കേരളീയരുടെ വാമൊഴിപാരമ്പര്യത്തിൽനിന്ന് അടർത്തിമാറ്റാനാവാത്ത കെട്ടുകഥകളോടും പുരാവൃത്തങ്ങളോടും ഐതിഹ്യങ്ങളോടും ബന്ധപ്പെട്ട തലക്കെട്ടുകളും അക്കിത്തത്തിന്റെ കവിതകളിൽ കണ്ടെത്താനാവും. ആലഞ്ഞാട്ടമ്മ, മഹിഷാസുരമർദ്ദിനി, മഹാബലിയുടെ ദിവസം, ചിത്രഗുപ്തൻ, മാരിയമ്മക്കോമരം, ഒരു നാടോടിക്കഥ, പുതിയ പുരാവൃത്തം, ഹംസവും പുലിയും കൊറ്റനാടും, തെരുവിലെ മാവേലി, ഈജിപ്തിലെ ഒരു നാടോടിപ്പാട്ട്, നാളേയ്ക്കൊരു പഴങ്കഥ, ത്രിശങ്കുസ്വർഗ്ഗം, ചമ്രവട്ടത്തയ്യപ്പന്റെ മുതല, കാലക്ഷേപത്തിന്റെ കഥ, വൈക്കത്തെ പ്രാതൽ തുടങ്ങിയവ ഇതിനുദാഹരണമാണ്.

അക്കിത്തത്തിന്റെ കവിതകളിൽ നാടൻപാട്ടുകളോടു കണ്ണിചേർക്കാവുന്ന ചില രചനകളുമുണ്ട്. താൻ ജനിച്ചുവളർന്ന ഗ്രാമത്തിന്റെ ഉള്ളറയിൽനിന്നായിരിക്കണം അദ്ദേഹം നാടൻപാട്ടുകൾ പരിചയിച്ചത്. അദ്ദേഹത്തിന്റെ 'കൂത്തുകാണാൻ' എന്ന കവിതയിലേതാണ്

'അല്ലിമലർക്കാവിൽ കൂത്തുകാണാൻ പോയി
അഞ്ചുവയസ്സായൊരുണ്ണിയാം ഞാനേകൻ' എന്ന വരികൾ

ഇതിലൂടെ മലയാളിക്ക് സുപരിചിതമായ ഉണ്ണിയാർച്ച ഓർമ്മിക്കപ്പെടുന്നു. കുട്ടിക്കാലംമുതലേ കേട്ടുശീലിച്ച നാടൻപാട്ടിന്റെ സ്വാധീനം തന്നെയാണ്

'എച്ചുമി' 'പിച്ചാപിച്ചാ' പഠിപ്പിച്ചാളുന്നന്നെ
'യെച്ചുമി' ധരിപ്പിച്ചാളന്നെന്നെ 'കാക്കേ പൂച്ചേ'' (പാവപ്പെട്ട ധാത്രി)

എന്നെഴുതാൻ കവിയെ പ്രേരിപ്പിച്ചത്. നമ്പൂതിരിഗൃഹത്തിന്റെ പശ്ചാത്തലത്തിൽ അവിടുത്തെ എല്ലാമായിരുന്ന വേലക്കാരിയുടെ ഓർമ്മ, വാത്സല്യത്തോടെ കവിമനസ്സിലേക്കെത്തുകയാണ്. വായനക്കാരന്റെ മനസ്സിലും വാത്സല്യജനകമായ ഒരന്തരീക്ഷം സൃഷ്ടിക്കാൻ ഈ വരികൾക്കു കഴിഞ്ഞു. കുട്ടികളുടെ കൊഞ്ചലും അവരെ വാത്സല്യത്തോടെ താലോലിക്കലും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. സ്വതഃസിദ്ധമായ നാടൻ പ്രയോഗത്തിലൂടെ അവ അവതരിപ്പിക്കുകയാണിവിടെ.

അയ്യപ്പൻവിളക്കിന്റെ അല എന്ന കവിതയിലെ

'കോഴി മുഴക്കെ കൂവീല
കോണി കുലുക്കി പാഞ്ഞെത്തി
കോസറി തട്ടി വിളിച്ചൂ, മോനോ
കോവാലാ കോവാലാ'

എന്ന വരികൾക്കും പ്രചോദനമായത് നാടൻ പാട്ടുകളുമായുള്ള ബന്ധംതന്നെയാവാം.

ആഢ്യഗൃഹത്തിൽ ജനിച്ചുവളർന്നെങ്കിലും കവി സഹജീവികളുടെ ദുഃഖം കാണാതിരുന്നില്ല. മർദ്ദിക്കപ്പെട്ട ജനവിഭാഗത്തിന്റെ തേങ്ങലുകളാണ് കാളി, തൊയിരംവേണം എന്നീ കവിതകൾ. പണിയാളരുടെ ജീവിതത്തിന്റെ നേർപ്പകർപ്പാണ് ഇവ. ഇവരുടെ

പട്ടുമൊഴി ഇവിടെ കാവ്യഭാഷയാവുന്നു. ചെറുമക്കൾ പാടിക്കളിക്കുന്ന പാട്ടിന്റെ താളം കവിതക്ക് കൂടുതൽ മിഴിവേകുന്നു.

കാളി എന്ന കവിതയിലെ

'വെള്പ്പിന് വല്ലിച്ച തമ്പ്രാൻ വന്നേ, പടിതൊറന്നേ;
വെളിയില് മൂന്ന് ശവങ്ങളിരിക്കണ്, ചകനം നന്നേ'

എന്ന വരികളിൽ ഗ്രാമങ്ങളിൽ വാമൊഴിയായി പ്രചരിക്കുന്ന ശകുനത്തെപ്പറ്റിയുള്ള സൂചനയുമുണ്ട്.

തൊയിരംമേണം എന്ന കവിതയിലെ

'സ്വപ്നം കേട്ട് കറ്ത്തേ ഞെട്ടി വെറച്ച പൂമി,
സപ്തം കേട്ട് മിയിച്ചേ മോളില് നച്ചത്രങ്ങൾ!'

എന്ന വരികൾ അന്നത്തെ പുലയരുടെ ഭാഷാഭേദത്തിന് ഉദാഹരണമാണ്. ജീവിതസാഹചര്യങ്ങളോട് മല്ലിട്ട്ജീവിക്കുമ്പോഴും ഭൂമിയോടും നക്ഷത്രങ്ങളോടും മറ്റു സകല ചരാചരങ്ങളോടും ഉള്ള അകമഴിഞ്ഞ സ്നേഹം പ്രകടമാക്കുന്ന ദ്രാവിഡസംസ്കാരത്തിന്റെ സവിശേഷത ഈ വരികളിൽ പ്രകടമാണ്.

സർവ്വചരാചരങ്ങളിലും കുടികൊള്ളുന്നത് ഒരേ ഈശ്വരചൈതന്യം തന്നെയാണെന്ന് പൂച്ച എന്ന കവിതയിലൂടെ കവി വ്യക്തമാക്കുന്നത് വളരെ ലളിതമായ ഭാഷയിലാണ്.

'പൂശാതിരിക്കുക നമ്മൾ, ചുമ്മാ,
പൂസായിക്കൂടാ മനുഷ്യൻ'

എന്നുപറയുമ്പോൾ സാധാരണക്കാരന്റെ സംസാരഭാഷതന്നെയാണ് ഇവിടെ ഉപയോഗിക്കുന്നത്.

പകലന്തിയോളം പണിയെടുത്തെങ്കിലും ഭക്ഷണംപോലും കഴിക്കാൻകിട്ടാത്ത മർദ്ദിത വിഭാഗത്തിന്റെ ശബ്ദമാണ് കുതിർന്ന മണ്ണ് എന്ന കവിത. ഒരിക്കലും മങ്ങാത്ത പ്രതീക്ഷ അവനെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു.

'നാളെക്കാലത്തവൻ ചെവികൊണ്ടു
'നാടിതാകെ സ്വതന്ത്രമായ്ത്തീരും'
'എന്നുബച്ചാൽ' ഒരുത്തൻ പറഞ്ഞു
'പിന്നെ ഞമ്മക്കു മുണ്ടുടുക്കാലോ'
എന്നുബച്ചാൽ ഒരുത്തൻ പറഞ്ഞു
'പിന്നെ ഞമ്മക്കു പട്ടിണി ബേണ്ടാ'
'നാളെത്തൊട്ടിനി ഞമ്മക്കും തിന്നാം
മോളേ ഞമ്മടെ സർക്കാരുവന്നു'

കോരന്റെ ജീവിതാവസ്ഥയുടെ യഥാതഥമായ ചിത്രം നമുക്കു ലഭിക്കുന്നത് ജീവിതഗന്ധിയായ ഭാഷയിലൂടെയാണ്.

നാടൻപാട്ടിന്റെ താളലയങ്ങൾ അക്കിത്തത്തിന് അന്യമായിരുന്നില്ല. അതിനാൽ കവിയുടെ പല രചനകളിലും ആ ഗാനാത്മകത ഇടംപിടിക്കുന്നു. സംസ്കൃതവൃത്തങ്ങളേയും ദ്രാവിഡവൃത്തങ്ങളേയും ഔചിത്യത്തോടെ തന്റെ കവിതയിൽ സന്നിവേശിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. കവിതയുടെ ഭാവാസ്വാദനത്തിന് ഈ സംഗീതമാധുര്യം സഹായകമാവുന്നുണ്ട്. ഉദാഹരണത്തിന് മുത്തച്ഛൻ എന്ന കവിതയിലെ

'പെട്ടെന്നുണ്ണി കഴിഞ്ഞുപോലും
പൊട്ടിച്ചിരിപ്പൂ ഞാൻ മുത്തച്ഛൻ!

ചത്തിട്ടില്ലവനെന്തുവന്നാലും
ചാവുകയില്ലാക്കെങ്കേമൻ'-

എന്ന വരികൾ താളബദ്ധമായതുകൊണ്ടുതന്നെ സംവേദനക്ഷമവുമാണ്.

ചിലയിടത്ത് നീട്ടിയും കുറുക്കിയും ചൊല്ലാനാവുന്നതരത്തിൽ താളാത്മകമായ വൃത്തങ്ങൾ, ആസ്വാദകമനസ്സിലേക്ക് നേരിട്ട് ഇറങ്ങിച്ചെല്ലുന്ന നാടൻ ശൈലീസംവിധാനം. പ്രമേയത്തിനു യോജിച്ച അവതരണരീതി, വൈകാരികഭാവസന്നിവേശം എന്നിവ നാടൻ പാട്ടുകളുടെ സവിശേഷതയാണ്. ഇവയെല്ലാം കണ്ടറിഞ്ഞ് സ്വാഭാവികതയോടെ അക്കിത്തം തന്റെ കവിതകളിൽ ഉപയോഗിക്കുന്നു. ചോദ്യോത്തരരൂപത്തിൽ അവതരിപ്പിക്കുന്ന 'കണ്ടവരുണ്ടോ' എന്ന കവിത. പേരക്കിടാവിനോട് മുത്തശ്ശിക്കുള്ള വാത്സല്യമാണ് പ്രമേയം.

'ചാത്തുന്ന് പറയണതാരാണ്ടോ?
എന്റുണ്ണിപ്പേരക്കിടാവാണേ
ഓനെത്ര വയസ്സായി മുത്ത്യേമേ?
ഓനഞ്ച് വയസ്സായി കുട്ട്യോളേ'

ഈ കവിത സുഗ്രാഹ്യമാവുന്നത് കാണാതായ പേരക്കിടാവിനെത്തിരയുന്ന മുത്ത്യേമ്മയും അവനെ ഒളിപ്പിച്ച കുസൃതിക്കുട്ടികളും തമ്മിലുള്ള രസകരമായ സംവാദത്തിന്റെ സ്വാഭാവികതകൊണ്ടാണ്. നാടൻപാട്ടുകളുടെ പ്രധാന സ്വഭാവമായ ഫലിതവും കുസൃതിയും എല്ലാം ഈ കവിതയുടെ വരികളിൽ കാണാം.

'തല്ലില്ലെന്നൊരു സത്യം ചെയ്യൂ,
തല്ലില്ലവനെസ്സത്യം ചെയ്തു
നോക്കു, മാവിന്റെ കൗളിയിലാരാ?
അമ്പട കള്ളാ, വാടാ താഴെ'

എന്നിങ്ങനെ കുസൃതിയും ഫലിതവും കലർന്ന നാട്ടുമൊഴി കവിതയെ ആസ്വാദകമനസ്സിനോടടുപ്പിക്കുന്നു. പണ്ഡിതനേയും പാമരനേയും ഒരുപോലെ രസിപ്പിക്കാൻ വേണ്ടിയാവണം മറ്റുപല ആധുനികകവികളേയും പോലെ അക്കിത്തവും ഇത്തരം നാടൻപ്രയോഗങ്ങൾ സ്വീകരിച്ചത്. ഈ പ്രയോഗങ്ങൾ കൃത്രിമമായി വലിച്ചിഴച്ചതല്ല എന്നു തോന്നുന്ന വിധത്തിൽ കൂട്ടിയിണക്കാനും അവതരിപ്പിക്കാനും കവിക്കു സാധിച്ചു.

നാടോടി പാരമ്പര്യത്തിലെ ഇതിവൃത്തങ്ങൾ അക്കിത്തത്തിനെ സ്വാധീനിച്ചിരുന്നു. സ്പർശമണികൾ, വെണ്ണക്കല്ലിന്റെ കഥ, ആലഞ്ഞാട്ടമ്മ, ധർമ്മസമരം എന്നീ കവിതകൾ നാടോടിക്കഥകളുടേയും പുരാവൃത്തത്തിന്റെയും അച്ചിൽ പിറന്നുവീണതാണ്.

'കാലന്റെ കയ്യിലെക്കമ്പക്കയറുട-
നാലഞ്ഞാട്ടമ്മയെക്കെട്ടിയിട്ടു' (ആലഞ്ഞാട്ടമ്മ)

ഇങ്ങനെ വാമൊഴിയായി പ്രചരിച്ചിരുന്ന കഥകൾ കവിതയിൽ സ്ഥാനംപിടിച്ചു.

നാടൻപാട്ടിൽ കാണുന്ന പദങ്ങളുടെയും അക്ഷരങ്ങളുടേയും ക്രമമായ ആവർത്തനം അക്കിത്തത്തിന്റെ കവിതയിൽ പലയിടത്തും ദൃശ്യമാവുന്നു. ഉദാഹരണമായി കോരപ്പന്റെ മൗനം എന്ന കവിതയിലെ

"എന്തൊരടക്കം കെട്ടിയവൾക്കുട-
നെന്തൊരടക്കം മക്കൾക്കും"
കിളുകിളെയപ്പോളൊരു ചിരിളുകി
വളയിൽത്തുങ്ങിട്ടുമുറിപോലും '-

എന്നീ വരികളിൽ ഉചിതമായ ശബ്ദസന്നിവേശം അർത്ഥപൂർത്തീകരണത്തിന് സഹായിക്കുന്നതായി കാണാം.

നൂറു ശതമാനം അക്ഷരജ്ഞാനം എന്ന് യുനസ്കോയുടെ അംഗീകാരമുള്ള കേരളത്തിന്റെ അവസ്ഥ വിവരിക്കുന്ന കവിതയാണ് അക്ഷരജ്ഞാനം. സമകാലികകേരളത്തിന്റെ അവസ്ഥ കൃത്യമായി വരച്ചിടുന്ന ഈ കവിത ഭാഷയുടെ തനിമകൊണ്ട് വായനക്കാരോട് അടുത്തുനില്ക്കുന്നു.

"കൈക്കൊട്ടുകണ്ടാൽ പനിയാണു ചെക്കനു",
കൈലിയേ ചുറ്റിനടക്കൂ"
ഹോട്ടലിൽ ചോറുണ്ടു പീടികത്തിണ്ണയിൽ
കോട്ടുവാവിട്ടു കിടത്തം'

ഇങ്ങനെ കണ്ടും കേട്ടും അറിഞ്ഞും അനുഭവിച്ചുമുള്ള നാടൻ വാമൊഴിവഴക്കങ്ങൾ ആഖ്യാനരീതിയിൽ ഉൾപ്പെടുത്തുകവഴി, കവിതയുടെ സ്വാഭാവികതയും ഊർജ്ജസ്വലതയും സൗന്ദര്യവും വർദ്ധിപ്പിക്കാൻ അക്കിത്തത്തിനു കഴിഞ്ഞു. അതിലൂടെ കവി ഉദ്ദേശിച്ച സാമൂഹികസാംസ്കാരിക അടയാളപ്പെടുത്തലുകൾ കൂടുതൽ സംവേദനക്ഷമവുമായി.

### ആധാരഗ്രന്ഥങ്ങൾ

1. അച്യുതൻ നമ്പൂതിരി, അക്കിത്തം, അക്കിത്തംകവിതകൾ സമ്പൂർണ്ണം, 2010, മാതൃഭൂമി ബുക്സ്, കോഴിക്കോട്
2. ലീലാവതി, എം., അക്കിത്തത്തിന്റെകവിത ഒരു പഠനം, 2010, വള്ളത്തോൾ വിദ്യാപീഠം ശുകപുരം.
3. വിഷ്ണുനമ്പൂതിരി, എം.വി., നാടോടി വിജ്ഞാനീയം, 2011 (1996), ഡി.സി. ബുക്സ്, കോട്ടയം
4. ശശിധരൻ, കെ.പി., കവിതയുടെ മൂന്നു വഴി, 1983, ഡി.സി. ബുക്സ്, കോട്ടയം.
5. ശിവരാമൻ, കുമുള്ളി (എഡി.), അക്കിത്തത്തിന്റെ ലോകം, 2006, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.